# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1034 | 01.07.2015 -ലെ മറുപടിയ്ക്ക്

### കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ

*ചോദ്യം*

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, പി.എ.മാധവൻ
,, ബെന്നി ബെഹനാൻ
,, വി.ഡി.സതീശൻ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) (ബി) & (സി) | കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് ഉള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബ്ബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15.01.2014 ന് ടെക്ക്നോപാർക്കിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാമോ; | | |
| (സി) | പ്രസ്തുത ക്ലാസുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്ക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ